105/2018

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | 100341 |

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

105/2018

Maximum : 100 marks

Time : 1 hour and 15 minutes

1. ഗായത്രീ മന്ത്രത്തിന്റെ ദേവത ആര്?
   (A) പൂഷാവ്
   (B) സവിതാവ്
   (C) ബ്രഹ്മാവ്
   (D) വിശ്വാമിത്രൻ

2. പവിത്രം കെട്ടുവാൻ എത്ര ദർഭപ്പുല്ല് വേണം?
   (A) 25
   (B) 10
   (C) 2
   (D) 16

3. ശങ്കരനാരായണമൂർത്തിയുടെ മൂലമന്ത്രത്തിലെ ബീജം ഏത്?
   (A) ക്ലീം
   (B) ഹ്രീം
   (C) ശ്രീം
   (D) ഹ്സൃം

4. നാരായണീയത്തിന്റെ കർത്താവാര്?
   (A) കുഞ്ചൻ നമ്പ്യാർ
   (B) പൂന്താനം
   (C) മേൽപ്പത്തൂർ
   (D) വി.ടി. ഭട്ടതിരിപ്പാട്

5. ഭഗവത്ഗീതയിൽ എത്ര അദ്ധ്യായങ്ങൾ ഉണ്ട്?
   (A) 22
   (B) 18
   (C) 30
   (D) 12

6. പുരാണങ്ങളുടെ കർത്താവാര്?
   (A) ശ്രീശുകൻ
   (B) വ്യാസൻ
   (C) വസിഷ്ഠൻ
   (D) നാരദൻ

7. ശാസ്താവിന്റെ അസ്ത്രമന്ത്രം ഏത്?
   (A) ഓം സഹസ്രാര ഹും ഫൾ
   (B) ഓം ശ്ലീം പശു ഹും ഫൾ
   (C) ഓം ജ്വാലാമാലിനി ഹും
   (D) ഓം ജ്വലദ്ഘൃണി ഹും ഫൾ

8. പഞ്ചഭൂതങ്ങളിൽ പെടാത്തത് ഏത്?
   (A) ഭൂമി
   (B) ജലം
   (C) വായു
   (D) ബുദ്ധി

9. യുഗങ്ങൾ എത്ര?

(A) 3
(B) 8
(C) 2
(D) 4

10. പൂജയിൽ ധൂപത്തിന് ഉപയോഗിക്കുന്ന ദ്രവ്യം :

(A) അഷ്ടബന്ധം
(B) അഷ്ടഗന്ധം
(C) അഷ്ടചൂർണ്ണം
(D) അഷ്ടനാഗം

11. തന്ത്രസമുച്ചയത്തിന്റെ രചയിതാവാര്?

(A) ശ്രീനാരദൻ
(B) ശങ്കരാചാര്യർ
(C) ചേന്നാസ് നാരായണൻ നമ്പൂതിരി
(D) കാളിദാസൻ

12. പരിസ്തരണത്തിന് എത്ര ദർഭപ്പുല്ല് വേണം?

(A) 25
(B) 16
(C) 11
(D) 4

13. ശംഖപൂരണത്തിന് ശംഖുകാലിനെ പൂജിക്കുന്ന മന്ത്രം ഏത്?

(A) പം പത്മായ നമ:
(B) മം വഹ്നിമണ്ഡലായ നമ:
(C) ഉം സോമമണ്ഡലായ നമ:
(D) ആദികൂർമ്മായ നമ:

14. ദുർഗ്ഗയുടെ നിർമ്മാല്യധാരി ഏത്?

(A) സുന്ദര്യൈ നമ:
(B) അന്തക്യൈ നമ:
(C) മുണ്ഡിന്യൈ നമ:
(D) വിരൂപായൈ നമ:

15. ഭദ്രകാളിയുടെ ച്ഛന്ദസ്സ് ഏത്?

(A) ഗായത്രി
(B) പംങ്ക്തി
(C) ദൈവീഗായത്രി
(D) അതിജഗതി

16. ദുർഗ്ഗയുടെ പത്മമന്ത്രം ഏത്?

(A) പം പത്മായ നമ:
(B) ഹ്രീം പത്മായ നമ:
(C) ലാം പത്മായ നമ:
(D) ക്ലീം പത്മായ നമ:

17. ഭദ്രകാളിയുടെ ശീവേലിക്ക് പൃഷ്ഠത്തിങ്കൽ തൂവുന്ന ദേവത ആര്?

(A) അനന്തൻ
(B) പ്രേതശക്തി
(C) ദക്ഷിണാമൂർത്തി
(D) വരുണൻ

18. ബലിമുദ്രക്ക് ഉപയോഗിക്കുന്ന വിരലുകൾ ഏതെല്ലാം?
(A) പെരുവിരലും ചൂണ്ടു വിരലും
(B) പെരുവിരലും ചെറു വിരലും
(C) പെരുവിരലും മോതിര വിരലും
(D) പെരുവിരലും പാമ്പു വിരലും

19. നവക കലശത്തിന് എത്ര കുടം വേണം?
(A) 25
(B) 9
(C) 17
(D) 108

20. പഞ്ചഗവ്യത്തിൽ പെടാത്തത് ഏത്?
(A) ഗോമൂത്രം
(B) തേൻ
(C) തൈര്
(D) പാല്

21. മൃത്യുഞ്ജയ ഹോമത്തിന് ഹോമദ്രവ്യങ്ങൾ എത്ര?
(A) 7
(B) 12
(C) 8
(D) 21

22. ലളിതാസഹസ്രനാമത്തിന്റെ ഋഷി ആര്?
(A) നാരദൻ
(B) വ്യാസൻ
(C) വശിന്യാദികൾ
(D) മാതൃക്കൾ

23. ശങ്കരനാരായണമൂർത്തിയുടെ വാഹനം ഏത്?
(A) കാള
(B) ഗരുഡൻ
(C) കുതിര
(D) കാളയും ഗരുഡനും ചേർന്ന്

24. മാതൃക്കല്ലുകൾ ആദ്യം തൂവുന്നത് ആർക്ക്?
(A) ഗണപതി
(B) ബ്രഹ്മാണി
(C) ചാമുണ്ഡി
(D) വീരഭദ്രൻ

25. 'ബാലാംബു' എന്നു പറഞ്ഞാൽ ഏതു നിവേദ്യമാണ്?
(A) പാല്
(B) കരിക്ക്
(C) കരിമ്പ്
(D) അപ്പം

26. നവഗ്രഹങ്ങളിൽ 'ബൃഹസ്പതി' ആര്?
(A) ശനി
(B) ബുധൻ
(C) ചന്ദ്രൻ
(D) വ്യാഴം

27. ദേവസംഗമം എന്നറിയപ്പെടുന്ന ഉത്സവം :

(A) തൃശ്ശൂർ പൂരം
(B) പെരുവനം പൂരം
(C) ആറാട്ടുപുഴ പൂരം
(D) ഉത്രാളിക്കാവ് പൂരം

28. പ്രാകാരങ്ങൾ എത്ര?

(A) 6
(B) 5
(C) 8
(D) 12

29. ഗീതാഗോവിന്ദത്തിന്റെ രചയിതാവാര്?

(A) നാരദൻ
(B) ജയദേവൻ
(C) കുമാരകവി
(D) പൂന്താനം

30. പഞ്ചവാദ്യത്തിൽ പെടാത്ത വാദ്യം ഏത്?

(A) മദ്ദളം
(B) ചെണ്ട
(C) ഇടയ്ക്ക
(D) തിമില

31. ഒരു 'കുറുമ്പുല്ല്' എന്നാൽ :

(A) 3 തല 2 കട
(B) 2 തല 4 കട
(C) 5 തല 10 കട
(D) 1 തല 2 കട

32. വിഷ്ണുസഹസ്രനാമത്തിന്റെ ഋഷി :

(A) നാരദൻ
(B) വസിഷ്ഠൻ
(C) വേദവ്യാസൻ
(D) ശ്രീശുകൻ

33. ശാസ്താവിന്റെ മൂലമന്ത്രത്തിലെ ബീജം :

(A) ഹ്രീം
(B) ഹ്ലൂം
(C) ശ്രീം
(D) ക്ലീം

34. ജ്യോതിശാസ്ത്രപ്രകാരം രാശികൾ എത്ര?

(A) 27
(B) 9
(C) 12
(D) 18

35. രാമായണമാസം എന്നറിയപ്പെടുന്നത് :

(A) ചിങ്ങം
(B) കർക്കിടകം
(C) ധനു
(D) മേടം

36. ശാസ്താവിന്റെ കൊടിമരത്തിലെ വാഹനം :

(A) ഗജം
(B) കുതിര
(C) പുലി
(D) സിംഹം

37. 'വസൂരിമാല' പ്രതിഷ്ഠയുള്ള ക്ഷേത്രം :

(A) തൃപ്രയാർ
(B) ഗുരുവായൂർ
(C) കൊടുങ്ങല്ലൂർ
(D) ചോറ്റാനിക്കര

38. പ്രാതക്കാലത്ത് പൂജയ്ക്ക് ഉപയോഗിക്കുന്ന രാഗം :

(A) മോഹനം
(B) ഭൂപാളം
(C) ശ്രീരാഗം
(D) ആനന്ദഭൈരവി

39. വൈശ്യം തൂകുന്നത് ആർക്ക്?

(A) ഇന്ദ്രൻ
(B) വരുണൻ
(C) ഈശാനൻ
(D) അഗ്നി

40. കലശ പൂജക്ക് കുടം നൂലുചുറ്റാനുള്ള മന്ത്രം :

(A) പ്രണവം
(B) അസ്ത്രം
(C) കവചം
(D) ഗായത്രി

41. പഞ്ചഗവ്യം കൂട്ടുമ്പോൾ പാലിന്റെ അളവ് എത്ര?

(A) പകുതി
(B) ഇരട്ടി
(C) ഏഴിരട്ടി
(D) മൂന്നിരട്ടി

42. പഞ്ചഗവ്യം കൂട്ടാൻ ചാണകത്തിന് ഉപയോഗിക്കുന്ന മന്ത്രം ഏത്?

(A) ഗായത്രി
(B) ആപ്യായസ്വ....
(C) ഗന്ധദ്വാരാം ....
(D) ഉപചാരം

43. ബിഭ്രദ്ദോർഭി: കുഠാരം എന്ന ധ്യാനത്തിൽ ശിവന്റെ നിറം ഏത്?

(A) വെള്ളപ്പ്
(B) കറുപ്പ്
(C) നീല
(D) പച്ച

44. ശീവേലിക്ക് മാതൃക്കൾ കഴിഞ്ഞാൽ തൂവുന്നതാർക്ക്?

(A) നിരൃതി
(B) വരുണൻ
(C) ശാസ്താവ്
(D) ദുർഗ്ഗ

45. പാണി കൊട്ടുവാൻ ഉപയോഗിക്കുന്ന വിശേഷ വാദ്യം :

(A) ഇടയ്ക്ക
(B) മദ്ദളം
(C) ചെണ്ട
(D) മരം

46. കറുക ഹോമത്തിന് ഉപയോഗിക്കുന്ന മന്ത്രം :

(A) സുദർശനം
(B) ശൂലിനി
(C) സ്വയംവരം
(D) മൃത്യുഞ്ജയം

47. ദശപുഷ്പത്തിൽ പെടാത്തത് ഏത്?

(A) ചെമ്പരത്തി
(B) ചെറൂള
(C) മുക്കുറ്റി
(D) പൂവ്വാംകുറുന്തില

48. രാശിപൂജയ്ക്ക് ഉപയോഗിക്കുന്ന വിശേഷ പുഷ്പം :

(A) കൂവളം
(B) താമര
(C) തുളസി
(D) തുമ്പപ്പൂ

49. 'കണ്ണൻ ചിരട്ടയിൽ ഉപ്പുമാങ്ങ' വിശേഷ നിവേദ്യമുള്ള ക്ഷേത്രം :

(A) ഗുരുവായൂർ
(B) കൊട്ടിയൂർ
(C) ശ്രീപത്മനാഭസ്വാമി ക്ഷേത്രം
(D) തൃച്ചംബരം

50. ബ്രഹ്മാവ് യാഗം ചെയ്ത ഭൂമിയുള്ള ക്ഷേത്രം ഏത്?

(A) ചെങ്ങന്നൂർ
(B) തിരുനെല്ലി
(C) തിരുവല്ല
(D) തിരുവല്ലം

51. മാനസപൂജക്ക് ഉപയോഗിക്കുന്ന മുദ്ര :

(A) ശംഖമുദ്ര
(B) ബലിമുദ്ര
(C) സുരഭിമുദ്ര
(D) പരശുമുദ്ര

52. മുടിയേറ്റ് എന്ന കലാരൂപവുമായി ബന്ധപ്പെട്ട ദേവതയാര്?

(A) യക്ഷി
(B) ഭുവനേശ്വരി
(C) ഭദ്രകാളി
(D) വേട്ടയ്ക്കൊരു മകൻ

53. കൃഷ്ണദ്വൈപായനൻ എന്നത് ആരുടെ പേര്?

(A) നാരദൻ
(B) വസിഷ്ഠൻ
(C) വ്യാസൻ
(D) വിശ്വാമിത്രൻ

54. ദിക്പാലന്മാരിൽ കിഴക്കിന്റെ അധിപൻ ആര്?

(A) സോമൻ
(B) ഈശാനൻ
(C) ഇന്ദ്രൻ
(D) യമൻ

55. അഗ്ന്യലങ്കാരം എത്ര ദിക്കിൽ വേണം?

(A) 1
(B) 8
(C) 10
(D) 11

56. അരയാലിന് എത്ര പ്രദക്ഷിണം ചെയ്യാനാണ് വിധി?

(A) ഒന്ന്
(B) മൂന്ന്
(C) ഏഴ്
(D) നാല്

57. കുമുദാദികൾ എത്ര?

(A) 10
(B) 9
(C) 8
(D) 18

58. ഇതിൽ ധന്വന്തരി ക്ഷേത്രം ഏത്?

(A) തോട്ടുവ
(B) എടത്വ
(C) ചെങ്ങന്നൂർ
(D) ആലുവ

59. കുഴിക്കാട്ടുപച്ച എന്തു പ്രതിപാദിക്കുന്ന ഗ്രന്ഥം?

(A) ആയുർവ്വേദം
(B) ജ്യോതിഷം
(C) വാസ്തു
(D) തന്ത്രം

60. ശങ്കരസ്തൂപം സ്ഥിതിചെയ്യുന്ന സ്ഥലം :

(A) പുരി
(B) ദ്വാരക
(C) കാശി
(D) കാലടി

61. ദക്ഷയാഗം നടന്ന ഭൂമി എന്നറിയപ്പെടുന്ന ക്ഷേത്രം :

(A) തിരുനെല്ലി
(B) കൊട്ടിയൂർ
(C) തൃപ്രങ്ങോട്
(D) തിരുന്നാവായ

62. മൃത്യുഞ്ജയ ഹോമത്തിന് പൂർണ്ണാഹുതിക്കുള്ള മന്ത്രം :

(A) ഓം രുദ്രായ നമ: സ്വാഹാ

(B) ഓം ഭൂർഭുവസ്വ സ്വാഹാ

(C) ഓം ആം ഈം ഊം വ്യോമവ്യാപിനേ ഓം വൗഷട്

(D) ഓം മൃത്യുഞ്ജയായ നമ: സ്വാഹാ

63. ഗണപതി ഹോമത്തിന് തെച്ചിപ്പൂ ഹോമിക്കുന്ന മന്ത്രം :

(A) അശ്വാരൂഢം
(B) പഞ്ചദുർഗ്ഗ
(C) സ്വയംവരം
(D) മൂലമന്ത്രം

64. പുണ്യാഹത്തിന് ഉപയോഗിക്കുന്ന പാത്രം :

(A) സ്രുവം
(B) ജൂഹു
(C) പ്രണീത
(D) മണി

65. ശാസ്താവിന്റെ ഹൃദയമന്ത്രം ഏത്?

(A) ഓം ഹൃദയായ നമ:
(B) രേവന്തായ ഹൃദയായ നമ:
(C) ഹ്രാം ഹൃദയായ നമ:
(D) ഘ്ലാം ഹൃദയായ നമ:

66. ഭദ്രകാളിയുടെ വടക്കേ നടയിലെ ദ്വാസ്ഥകൾ ആരൊക്കെ?

(A) സുന്ദരി സുമുഖി
(B) പുരന്ദരി പുഷ്പമർദ്ദിനി
(C) അന്തകി വന്ദനി
(D) വിരൂപ വിമല

67. വായു ബീജം ഏത്?

(A) വം
(B) യം
(C) രം
(D) ഠം

68. നീരാജനത്തിന് ഉപയോഗിക്കുന്നതേത്?

(A) മുക്കുറ്റി
(B) ഉഴിഞ്ഞ
(C) കറുക
(D) ചെറൂള

69. ലിപിന്യാസത്തിന് 'യം' നമ: എന്നു ന്യസിക്കുന്നത് :

(A) ഉദരം
(B) ഹൃദയം
(C) കഴുത്ത്
(D) നാഭി

70. ഭഗവതിസേവക്ക് വിളക്കു കൊളുത്തുന്ന മന്ത്രം :

(A) പഞ്ചബ്രഹ്മം
(B) പഞ്ചതത്ത്വം
(C) പഞ്ചദുർഗ്ഗ
(D) പഞ്ചാക്ഷരം

71. മൃത്യുഞ്ജയ ഹോമത്തിലുള്ള ദ്രവ്യം ഏത്?

(A) കടലാടി
(B) കൂവളം
(C) അമൃത്
(D) അത്തി

72. പ്രദോഷം പ്രധാനമായ മൂർത്തി ഏത്?

(A) സുബ്രഹ്മണ്യൻ
(B) യക്ഷി
(C) ശാസ്താവ്
(D) ശിവൻ

73. നിർമ്മാല്യധാരി പ്രതിഷ്ഠാസ്ഥാനം :

(A) കിഴക്ക്
(B) തെക്ക്
(C) പടിഞ്ഞാറ്
(D) ഉദിതിപദം

74. ''ന: സ്ത്രീസ്വാതന്ത്ര്യമർഹതി' എന്നു പറയുന്ന ഗ്രന്ഥം :

(A) കഠോപനിഷത്ത്
(B) മനുസ്മൃതി
(C) ഛാന്ദഗ്യോപനിഷത്ത്
(D) തൈത്തിരീയം

75. ശ്രീകുരുമ്പ എന്നറിയപ്പെടുന്ന ദേവി :

(A) ചോറ്റാനിക്കര
(B) കാടാമ്പുഴ
(C) കൊടുങ്ങല്ലൂർ
(D) തിരുമാന്ധാംകുന്ന്

76. ചാക്യാർകൂത്തിന് ഉപയോഗിക്കുന്ന വാദ്യം :

(A) മദ്ദളം
(B) ഇടയ്ക്ക
(C) മിഴാവ്
(D) മൃദംഗം

77. യോഗശാസ്ത്രം രചിച്ചതാര്?

(A) ഭരതമുനി
(B) ചരകൻ
(C) പാണിനി
(D) പതഞ്ജലി

78. ഗണപതിയുടെ നിർമ്മാല്യധാരി :

(A) ധൂർത്തസേനൻ
(B) ചണ്ഡേശ്വരൻ
(C) കുംഭോദരൻ
(D) വിഷ്വക്സേനൻ

79. കേരളത്തിന്റെ തനതു സംഗീതശൈലി :

(A) ഹിന്ദുസ്ഥാനി
(B) കർണ്ണാടകസംഗീതം
(C) സോപാനസംഗീതം
(D) ജുഗൽബന്ദി

80. ക്ഷേത്രപുരുഷസങ്കല്പത്തിൽ ഗോപുരത്തിന്റെ സ്ഥാനം ഏത്?

(A) ശിരസ്സ്
(B) നാഭി
(C) കണ്ഠം
(D) പാദം

81. ദൈവദശകം എഴുതിയതാര്?

(A) ചട്ടമ്പിസ്വാമികൾ
(B) ശ്രീനാരായണഗുരു
(C) വള്ളത്തോൾ
(D) കുമാരനാശാൻ

82. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര്?

(A) പൂന്താനം
(B) കോട്ടയം തമ്പുരാൻ
(C) കുഞ്ചൻ നമ്പ്യാർ
(D) ഉണ്ണായി വാര്യർ

83. ''സംഗച്ഛദ്ധ്വം സംവദധ്വം സംവോമനാംസി ജാനതാം'' ഈ വരി ഏതു സൂക്തത്തിലേതാണ്?

(A) പുരുഷസൂക്തം
(B) ഭാഗ്യസൂക്തം
(C) ഐകമത്യസൂക്തം
(D) ആയുസ്സൂക്തം

84. പ്രണവാക്ഷരങ്ങളിൽ വിഷ്ണുവിനെ പ്രതിനിധീകരിക്കുന്ന അക്ഷരം ഏത്?

(A) അ
(B) ഉ
(C) മ
(D) ഇ

85. സന്ധ്യാവന്ദനത്തിൽ തർപ്പണത്തിന്റെ ക്രമമേത്?

(A) പിതൃതർപ്പണം ആദ്യം
(B) ഋഷിതർപ്പണം ആദ്യം
(C) ദേവതർപ്പണം ആദ്യം
(D) അസുരതർപ്പണം ആദ്യം

86. പൂജാതീർത്ഥം ആദ്യം തളിക്കുന്നതാർക്ക്?

(A) തനിക്ക്
(B) ഗുരുവിന്
(C) പിതൃക്കൾക്ക്
(D) ദേവന്മാർക്ക്

87. അഗ്നിപ്രാകാരം ചെയ്യുവാനുള്ള മന്ത്രം :

(A) ഉപചാരം
(B) അസ്ത്രം
(C) കവചം
(D) നേത്രമന്ത്രം

88. ലോകാഗ്നിയാക്കുവാൻ ഏതു കോണിലേക്ക് വീശണം?

(A) ഈശാനകോൺ
(B) നിരൃതികോൺ
(C) അഗ്നികോൺ
(D) വായുകോൺ

89. ചാണകം മെഴുകുന്ന ക്രമം ഏത്?

(A) ഈശാദീശാന്തം
(B) അഗ്ന്യാദീശാന്തം
(C) വായ്വാദി നിരൃത്യന്തം
(D) ഈശാദി വായ്വന്തം

90. പൂജക്ക് മണ്ഡപത്തിൽ നമസ്കരിക്കാനുള്ള മന്ത്രം :

(A) വിശ്വാനിദേവ ....
(B) മൂലം
(C) ഉപചാരം
(D) മാന ഏകസ്മിൻ .....

91. ഉമാദി മൂർത്യാവരണം ഉള്ള ദേവത :

(A) വിഷ്ണു
(B) ശിവൻ
(C) ഗണപതി
(D) ദുർഗ്ഗ

92. സുകുമാരയ നമ: ഭദ്രസേനായ നമ: ഇത് ആരുടെ ദ്വാസ്ഥന്മാർ?

(A) ഗണപതി
(B) ശങ്കരനാരായണൻ
(C) സുബ്രഹ്മണ്യൻ
(D) ശാസ്താവ്

93. ശോഷണാദിക്ക് പ്രയോഗിക്കാത്ത ബീജം :

(A) യം
(B) രം
(C) വം
(D) ഗം

SPACE FOR ROUGH WORK